'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ആയ ശ്രീ. സുരേഷ് കുമാർ പി. കെ. ക്ക് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യു) വകുപ്പ്**

**സ.ഉ.(സാധാ) നം.1941/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/09/2019

പരാമർശം:- 1. ശ്രീ. സുരേഷ് കുമാർ പി. കെ. സമർപ്പിച്ച 30.06.2016 ലെ മെഡിക്കൽ റീഇംബഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.10.2016, 01.07.2017, 26.02.2019 തീയതികളിലെ ഇ17-6967/2016/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.01.2018 ലെ MR5-22117/2018/DHS നമ്പർ കത്ത്.

**ഉത്തരവ്**

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ആയ ശ്രീ. സുരേഷ് കുമാർ പി. കെ., ടിയാന്റെ മാതാവിന്റെ ചികിത്സയ്ക്ക് പത്തനംതിട്ട ജില്ലയിലെ St.Gregorios Cardio-Vascular Centre ആശുപത്രിയിൽ ചിലവായ ₹ 1,51,354/- (ഒരു ലക്ഷത്തി അൻപത്തി ഒന്നായിരത്തി മുന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരാമർശം 2 കത്തുകൾ പ്രകാരം ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ. സുരേഷ് കുമാർ പി. കെ. യുടെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക ₹ 1,37,741/- (ഒരു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി എഴുനൂറ്റി നാല്പത്തി ഒന്ന് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ആയ ശ്രീ. സുരേഷ് കുമാർ പി. കെ. യുടെ മാതാവിന്റെ ചികിത്സയ്ക്ക് പത്തനംതിട്ട ജില്ലയിലെ St.Gregorios Cardio-Vascular Centre ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ ₹ 1,10,193/- (ഒരു ലക്ഷത്തി പതിനായിരത്തി നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗോപകുമാർ യു**

**അണ്ടർ സെക്രട്ടറി**

അസി. എക്സി. എഞ്ചിനീയർ

1.ശ്രീ. സുരേഷ് കുമാർ പി. കെ., [illegible] (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
2.ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
(ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
3.അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5.ധനകാര്യ വകുപ്പ്(24.08.2019 ലെ 1252683/L3/421/2019-FIN പ്രകാരം)
6.ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (24.01.2018 ലെ G2/1429/2017/H&FWD പ്രകാരം)
7.വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8.കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ